കേരളാ കോൺഗ്രസ് (എം) കണ്ണൂർ ജില്ലാ സെക്രട്ടറിയായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട കെ.ടി.സുരേഷ്കുമാർ. മണക്കടവ് സ്വദേശിയാണ്.

ബസുടമകളുടെ മാർച്ച് 11ന്

കണ്ണൂർ: ഡീസൽ വില വർധനയിൽ പ്രതിഷേധിച്ച് 11ന് സംസ്ഥാനത്തെ സ്വകാര്യബസുടമകൾ എറണാകുളം ഇരുമ്പനത്തെ പെട്രോളിയം കമ്പനികളുടെ ഫില്ലിങ് സ്റ്റേഷനുകളിലേക്ക് മാർച്ച് നടത്തുമെന്ന് കേരള സ്റ്റേറ്റ് പ്രൈവറ്റ് ബസ് ഓപ്പറേറ്റേർസ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി രാജ്കുമാർ കരുവാത്ത് പത്രസമ്മേളനത്തിൽ അറിയിച്ചു. ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വൻ മാർച്ച് ഉദ്ഘാടനം ചെയ്യും. വിവിധ രാഷ്ട്രീയ-ട്രേഡ് യൂനിയൻ നേതാക്കളും ബസുടമാ സംഘടനാ ഭാരവാഹികളും പ്രസംഗിക്കും. എണ്ണവില ദിനംപ്രതി വർധിക്കുന്നതിന് പുറമെ പെട്രോളിന്റെയും ഡീസലിന്റെയും ഗുണനിലവാരം കുറയുന്നതായും പരാതിയുണ്ട്. സ്വകാര്യ ബസ് വ്യവസായം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പശ്ചാത്തലത്തിൽ ഡീസൽ വില വർധന മൂലം വ്യവസായം തകർച്ചയിലേക്ക് കൂപ്പുകുത്തുകയാണെന്ന് ഭാരവാഹികൾ ചൂണ്ടിക്കാട്ടി. സംസ്ഥാന വൈസ് പ്രസിഡണ്ട് കെ.വേലായുധൻ, ജില്ലാ പ്രസിഡണ്ട് പി.പി.മോഹനൻ, കെ.പി.മോഹനൻ, സി.പി.അബൂബക്കർ എന്നിവർ പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

പൗൾട്രി ക്ലബ് രൂപീകരിച്ചു

കൂവേരി: ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്, പെരുമ്പടവ് മൃഗാശുപത്രി എന്നിവയുടെ സഹകരണത്തോടെ കൊട്ടക്കാനം എ.യു.പി സ്കൂളിൽ പൗൾട്രി ക്ലബ് രൂപീകരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.ജെ.മാത്യു കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ പ്രമീള രാജൻ അധ്യക്ഷത വഹിച്ചു. വെറ്റിനറി സർജൻ ഡോ. കെ.സമീർ പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ പി.കെ.സത്യൻ, ബ്ലോക്ക് പഞ്ചായത്തംഗം എം.ഇന്ദിര, പി.ടി.എ.പ്രസിഡണ്ട് കെ.കെ.പി.അബൂബക്കർ, യു.ഗോവിന്ദൻ പ്രസംഗിച്ചു. പ്രധാനാധ്യാപകൻ പി.ചന്ദ്രശേഖരൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സി.ബാലകൃഷ്ണൻ നന്ദിയും പറഞ്ഞു.

വികസന സംവാദ യാത്ര നടത്തി

ശ്രീകണ്ഠപുരം: 'മറ്റൊരു കേരളം സാധ്യമാണ്' എന്ന മുദ്രാവാക്യവുമായി കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ശ്രീകണ്ഠപുരം മേഖല കമ്മിറ്റി വികസന സംവാദ യാത്ര നടത്തി. ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.കെ.രത്നകുമാരി ഉദ്ഘാടനം ചെയ്തു. പരിഷത്ത് ജില്ലാ സെക്രട്ടറി ഒ.സി. ബേബി ലത, ജാഥാലീഡർ ബിജു നിടുവാലൂർ, ഇ.ജനാർദ്ദനൻ, കെ.കെ.ഭാസ്കരൻ, പി.പി.വി.പ്രഭാകരൻ, കെ.കെ.രവി, കെ.പി.ശിവദാസൻ, എം.കെ.ഉണ്ണികൃഷ്ണൻ, പി.രാധാകൃഷ്ണൻ സംസാരിച്ചു. ചുഴലിയിൽ നിന്നാരംഭിച്ച സംവാദയാത്ര കണിയാർ വയലിൽ സമാപിച്ചു.

പൊക്കുണ്ട് ശിഹാബ് തങ്ങൾ സ്മാരക സൗധം ഉദ്ഘാടനം 12ന്

12ന് ഉദ്ഘാടനം ചെയ്യുന്ന ശിഹാബ് തങ്ങൾ സ്മാരക സൗധം

തളിപ്പറമ്പ: പൊക്കുണ്ട് ശാഖ മുസ്ലിംലീഗ് കമ്മിറ്റി നിർമ്മിച്ച ശിഹാബ് തങ്ങൾ സ്മാരക സൗധത്തിന്റെ ഉദ്ഘാടനവും ശാഖ സമ്മേളനവും 11, 12 തീയതികളിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 11ന് രാവിലെ നടക്കുന്ന വനിതാ സംഗമം ജില്ലാ വനിതാ ലീഗ് പ്രസിഡണ്ട് റോഷ്നി ഖാലിദ് ഉദ്ഘാടനം ചെയ്യും. പഞ്ചായത്ത് വനിതാ ലീഗ് പ്രസിഡണ്ട് ബീഫാത്തു അധ്യക്ഷയാകും. ഹഫീഫ വാഹിയ കക്കാട് മുഖ്യപ്രഭാഷണം നടത്തും. ഉച്ചക്ക് ഒന്നിന് വിദ്യാർത്ഥി-യുവജന-പ്രവാസി സംഗമം നടക്കും. 'നാം വന്ന വഴി' എന്ന വിഷയത്തിൽ പ്രൊഫ. ഹാതിബ് ക്ലാസെടുക്കും. പി.ബി.അബ്ദുറസാഖ് എം.എൽ.എ മുഖ്യാതിഥിയാകും. അബ്ദുൾഖാദർ അരിപ്പാമ്പ്ര, പി.എ.വി.അബൂബക്കർ, ഫൈസൽ ചെറുകുന്നോൻ, കെ.ഷൗക്കത്തലി പൂമംഗലം, അലി മംഗര, നൗഷാദ് പന്നിയൂർ സംസാരിക്കും. കെ.പി.ജുനൈദ് സ്വാഗതവും മുനീസ് നന്ദിയും പറയും.

12ന് ഉച്ചക്ക് 3ന് പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ ഓഫീസ് ഉദ്ഘാടനം ചെയ്യും. തുടർന്ന് 4 മണിക്ക് ചെറുക്കളയിൽ നിന്ന് പ്രകടനം നടത്തും. വൈകുന്നേരം 5ന് നടക്കുന്ന പൊതുസമ്മേളനം സ്വാഗതസംഘം ചെയർമാൻ ഹുസൈൻ മാസ്റ്ററുടെ അധ്യക്ഷതയിൽ ഡോ. എം.കെ.മുനീർ ഉദ്ഘാടനം ചെയ്യും. കെ.എം.ഷാജി എം.എൽ.എ, റഷീദ് വെങ്ങളം, അബ്ദുറഹ്മാൻ പുൽപറ്റ, പി.ബി.അബ്ദുൾറസാഖ് എം.എൽ.എ, വി.കെ.അബ്ദുൽഖാദർ മൗലവി, കെ.പി.മുഹമ്മദ്കുഞ്ഞി മാസ്റ്റർ, അബ്ദുൾകരീം ചേലേരി, മഹമൂദ് അള്ളാംകുളം, സി.പി.വി.അബ്ദുള്ള, കെ.പി.നൂറുദ്ദീൻ സംസാരിക്കും. പരിപാടിയുടെ വിജയത്തിനായി 101 അംഗ സ്വാഗതസംഘം കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

കാടേശ്വരം ശിവക്ഷേത്രത്തിലെ നവക പൂജ 12ന്

തളിപ്പറമ്പ: കീഴാറ്റൂർ കോടേശ്വരം ശിവക്ഷേത്രത്തിലെ നവക പൂജ 12ന് രാവിലെ 9 മണിമുതൽ നടക്കും. പൂന്തോട്ടത്ത് പുടയൂർ പാണ്ഡുരംഗൻ നമ്പൂതിരിപ്പാട് മുഖ്യകാർമ്മികത്വം വഹിക്കും. വാരൂട്ടിനോടനുബന്ധിച്ചുള്ള കലവറ നിറയ്ക്കൽ 9ന് രാവിലെ നടക്കും.

സി.പി.എം ആലക്കോട് ഏരിയാ സമ്മേളനം കാർത്തികപുരത്ത്

ആലക്കോട്: സി.പി.എം ആലക്കോട് ഏരിയാ സമ്മേളനം ഡിസംബർ 8, 9 തീയതികളിൽ കാർത്തികപുരത്ത് നടക്കും. സമ്മേളനം വിജയിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സംഘാടക സമിതി രൂപീകരണ യോഗം നാളെ വൈകുന്നേരം മൂന്ന് മണിക്ക് കാർത്തികപുരത്ത് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

പൂക്കോത്ത് ഭഗവതി ക്ഷേത്രം പരിഹാര ക്രിയകൾ ഇന്നു മുതൽ

തളിപ്പറമ്പ: പൂക്കോത്ത്തെരു ശ്രീ ഭഗവതി ക്ഷേത്രത്തിൽ നിശ്ചയിച്ച പരിഹാര ക്രിയകൾ ഇന്നും നാളെയുമായി നടക്കും. ഇന്ന് വൈകിട്ട് 5.30 മുതൽ പ്രസാദശുദ്ധി, ഭഗവതിസേവ, ആവാഹന, ഭഗവതി പൂജ, സർപ്പബലി, സുദർശന ഹോമം, ആഘോരഹോമം, തൃഷ്ടുപ്പ്ഹോമം, ദീപാരാധന, അത്താഴപൂജ എന്നിവ നടക്കും. നാളെ രാവിലെ ആറ് മുതൽ ഗണപതിഹോമം, മഹാമൃത്യുഞ്ജയ ഹോമം, ശൈവ പൂജ, വൈഷ്ണവ പൂജ, ബ്രഹ്മരക്ഷസ് പൂജ, ബിംബശുദ്ധി, ഉച്ച പൂജ എന്നിവയും നടക്കും. ക്ഷേത്രം തന്ത്രി നടുവത്ത് വാസുദേവൻ നമ്പൂതിരി കാർമ്മികത്വം വഹിക്കും.

കൊട്ടക്കാനം എ.യു.പി സ്കൂളിൽ പൗൾട്രി ക്ലബിന്റെ ഉദ്ഘാടനം ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് പി.ജെ.മാത്യു നിർവഹിക്കുന്നു

ആലക്കോട്ടെ ഭൂമി പ്രശ്നം: ആശങ്ക പരിഹരിക്കണമെന്ന് സി.പി.എം, പിടിച്ചെടുക്കാൻ അനുവദിക്കില്ലെന്ന് കെ.സി.ജോസഫ്

ആലക്കോട്: കോളിയാട് എസ്റ്റേറ്റിന്റെ ഭാഗമായിരിക്കെ ഭൂപരിഷ്ക്കരണ നിയമ പ്രകാരം ആലക്കോട് പ്രദേശത്തെ 1500 ഏക്കർ ഭൂമി തോട്ടം ഭൂമിയാണ് എന്ന് പറഞ്ഞ് സർക്കാർ ഏറ്റെടുക്കാൻ പോകുന്നുവെന്ന പ്രചരണം മലയോരത്തെ കർഷകരെ വലിയ ആശങ്കയിലാഴ്ത്തിയ സാഹചര്യത്തിൽ സാധാരണക്കാരായ ജനങ്ങൾ നേരിടുന്ന ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സി.പി.എം ആലക്കോട് ഏരിയാ കമ്മിറ്റി പ്രസ്താവനയിൽ ആവശ്യപ്പെട്ടു. മലബാർ കുടിയേറ്റ കാലം മുതൽ ആലക്കോട് കുടിയേറി പി.ആർ.രാമവർമ്മ രാജയോട് വിലകൊടുത്ത് വാങ്ങി ജന്മാധാരവും പട്ടയവുമുൾപ്പെടെ എല്ലാ രേഖകളുമുള്ളവരാണ് ആലക്കോട്ടെ കർഷകർ. കുടിയേറ്റ മേഖലയുടെ സിരാകേന്ദ്രമായ ആലക്കോട് പട്ടണം, വിവിധ സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവ നടപടികൾ നേരിടുമെന്നാണ് പ്രചരണമെന്നും തിരുവനന്തപുരത്ത് നിന്നും ഉദ്യോഗസ്ഥ സംഘം സ്ഥലം സന്ദർശിച്ച് നടപടിയെടുക്കാൻ റിപ്പോർട്ട് തയ്യാറാക്കാൻ നീക്കം നടക്കുന്നതായുള്ള സാഹചര്യത്തിൽ സർക്കാർ പ്രശ്നത്തിൽ ഇടപെടണമെന്നും ഏരിയാ കമ്മിറ്റി ആവശ്യപ്പെട്ടു.

ആലക്കോട്: എല്ലാവിധ രേഖകൾ സഹിതം പതിറ്റാണ്ടുകളായി ആലക്കോട് കർഷകർ കൈവശം വെച്ചുവരുന്ന ഭൂമി സാങ്കേതിക കാരണങ്ങൾ പറഞ്ഞ് സർക്കാർ ഏറ്റെടുക്കാൻ ശ്രമിച്ചാൽ അത് അനുവദിക്കില്ലെന്ന് കെ.സി.ജോസഫ് എം.എൽ.എ പ്രസ്താവിച്ചു. ഗവൺമെന്റ് ആവശ്യമില്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. കോളിയാട് എസ്റ്റേറ്റിന്റെ ഭൂമി 70 വർഷങ്ങൾക്ക് മുമ്പ് കർഷകർ വില കൊടുത്ത് വാങ്ങുകയും പിന്നീട് പല കൈമറ്റങ്ങൾ നിയമപരമായി നടത്തിയിട്ടുള്ളതുമാണ്. ഇതുവരെ ഇല്ലാതിരുന്ന പ്രശ്നങ്ങൾ ഇപ്പോൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നതിൽ നിന്ന് റവന്യൂ വകുപ്പ് പിൻമാറണമെന്നും അദ്ദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ആലക്കോട് തൈക്കോ സൊസൈറ്റി ആദിമുഖ്യത്തിൽ ഉന്നത വിജയികളെ ആദരിക്കൽ തോമസ് വെക്കത്താനം ഉദ്ഘാടനം ചെയ്യുന്നു

രണ്ട് ലക്ഷം വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണം

ആലക്കോട്: രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്നും കർഷകർക്ക് പലിശ രഹിത വായ്പ അനുവദിക്കണമെന്നും തളിപ്പറമ്പ് ബ്ലോക്ക് അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സൊസൈറ്റി പൊതുയോഗം ആവശ്യപ്പെട്ടു. പ്രസിഡണ്ട് തോമസ് വെക്കത്താനം അധ്യക്ഷത വഹിച്ചു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ കെ.എസ്.അമ്പിളി, ജോസഫ് ബെന്നി, ആർദ്ര ബെന്നി എന്നിവരെ ആദരിച്ചു. ബാബു പള്ളിപ്പുറം, കെ.കൃഷ്ണൻ, തങ്കച്ചൻ കല്ലറയ്ക്കൽ, സോജൻ കുറ്റിവേലിൽ, കുഞ്ഞമ്പു, ഷിൻസ് മാനുവൽ പ്രസംഗിച്ചു. മൈക്കിൾ പാട്ടത്തിൽ സ്വാഗതവും ജോസഫ് പരവംപറമ്പിൽ നന്ദിയും പറഞ്ഞു.



തീയ്യന്നൂർ-കാഞ്ഞിരങ്ങാട് റോഡ് ഭാരത് കലാസാംസ്കാരികവേദി പ്രവർത്തകർ വൃത്തിയാക്കുന്നു

ജലവിതരണം ഉണ്ടാവില്ല

തളിപ്പറമ്പ: ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ്ലൈനിൽ പ്രവൃത്തികൾ നടക്കുന്നതിനാൽ ഇന്നും നാളെയും ജലവിതരണം ഉണ്ടായിരിക്കുന്നതല്ലെന്ന് കേരള വാട്ടർ അതോറിറ്റി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

കൃഷിഭവൻ അറിയിപ്പ്

ആലക്കോട്: ആലക്കോട് കൃഷിഭവനിൽ നല്ലയിനം കുറ്റ്യാടി തെങ്ങിൻ തൈകളും പച്ചക്കറി വിത്തുകളും ട്രൈക്കോഡർമ്മ, സ്യൂഡോമോനാസ് എന്നിവ വിൽപ്പനയ്ക്കായി എത്തിയതായും ആവശ്യക്കാർക്ക് കൃഷിഭവനിൽ നിന്നും വാങ്ങാവുന്നതാണെന്നും കൃഷി ഓഫീസർ അറിയിച്ചു.

മാസാന്ത സ്വലാത്ത് മജ്ലിസ് നാളെ

ആലക്കോട്: നെടുവോട് ജുമാമസ്ജിദ് നമാ ഉൽ ഉലൂം മദ്രസ കമ്മിറ്റി ആഭിമുഖ്യത്തിലുള്ള മാസാന്ത സ്വലാത്ത് മജ്ലിസ് നാളെ മഗ്രിബ് നിസ്ക്കാരാനന്തരം നടക്കും. എം.നാസർ ഫൈസി അമ്പലവയൽ നേതൃത്വം നൽകും.

കോൺഗ്രസ് ഉപവാസം ശ്രീകണ്ഠപുരത്ത്

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം മണ്ഡലം കോൺഗ്രസ് കമ്മിറ്റി ഉപവാസം സംഘടിപ്പിച്ചു. കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് പി.പി.ചന്ദ്രാംഗദൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പ്രസിഡണ്ട് എം.ഒ.മാധവൻ മാസ്റ്റർ, പി.ജെ.ആന്റണി, കെ.പി.ഗംഗാധരൻ, ഡോ.കെ.വി.ഫിലോമിന, ജോസഫിന ടീച്ചർ, ഷൈല ജോയി, ജോഷി കണ്ടത്തിൽ, അപ്പു കണ്ണാവിൽ, അഡ്വ.തങ്കച്ചൻ മാത്യു, കൃഷ്ണൻകുട്ടി, പ്രകാശൻ നിടിയേങ്ങ, കെ.പി.ലിജേഷ്, എം.ഒ.രതീഷ്, സിജോ മറ്റപ്പള്ളി, രമേശൻ സംസാരിച്ചു. സമാപന സമ്മേളനം ഡി.സി.സി.വൈസ് പ്രസിഡണ്ട് മുഹമ്മദ് ബ്ലാത്തൂർ ഉദ്ഘാടനം ചെയ്തു.

ജനശ്രീ മണ്ഡലം കൺവെൻഷൻ

ശ്രീകണ്ഠപുരം: ജനശ്രീ ഇരിക്കൂർ മണ്ഡലം കൺവെൻഷൻ നടത്തി. ജില്ലാ സെക്രട്ടറി എം.രത്നകുമാർ ഉദ്ഘാടനം ചെയ്തു. ഒ.സി.ചന്ദ്രൻ അധ്യക്ഷത വഹിച്ചു. കൂടുതൽ ജനശ്രീ യൂണിറ്റുകൾ രൂപീകരിക്കാനും ബ്ലോക്ക്തല നേതൃത്വ ക്യാമ്പ് നവംബറിൽ നടത്താനും തീരുമാനിച്ചു. മധുതൊട്ടിയിൽ, കായക്കിൽ ഗംഗാധരൻ, പ്രകാശൻ നിടിയങ്ങ, ജിയോ ജേക്കബ്, കെ.സി.കൃഷ്ണൻ സംസാരിച്ചു.

ചെങ്ങളായിൽ കോൺഗ്രസ് ഉപവാസം കെ.പി.സി.സി ജന. സെക്രട്ടറി അഡ്വ.സജീവ് ജോസഫ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

അമിത്ഷായുടെ സന്ദർശനം രാഷ്ട്രീയ അക്രമങ്ങൾ സൃഷ്ടിക്കാൻ: സജീവ് ജോസഫ്

ശ്രീകണ്ഠപുരം: ബി.ജെ.പി ദേശീയ അധ്യക്ഷൻ അമിത്ഷായുടെ ജില്ലാ സന്ദർശനവും പദയാത്രകളും രാഷ്ട്രീയ അക്രമങ്ങൾ സൃഷ്ടിക്കാനും ജനങ്ങളുടെ സമാധാനം തകർക്കാനുമാണെന്ന് കെ.പി.സി.സി ജന. സെക്രട്ടറി അഡ്വ.സജീവ് ജോസഫ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നടപടികൾക്കെതിരെ ചെങ്ങളായി മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ ഉപവാസ സമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മണ്ഡലം പ്രസിഡണ്ട് പി.ഗോവിന്ദൻ അധ്യക്ഷത വഹിച്ചു. കൊയ്യം ജനാർദ്ദനൻ, ഡി.സി.സി സെക്രട്ടറിമാരായ കെ.സി.വിജയൻ, പി.ജെ.ആന്റണി, കെ.പി.ഗംഗാധരൻ, കെ.എസ്.യു ജില്ലാ വൈസ് പ്രസിഡണ്ട് ഐബിൻ ജേക്കബ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി.സി.പ്രിയ, പഞ്ചായത്ത് മെമ്പർമാരായ ദിനേശൻ മാസ്റ്റർ, റിൻസി, നാരായണൻ മാസ്റ്റർ തുടങ്ങിയവർ സംസാരിച്ചു. രമേശൻ പരിപ്പായി സ്വാഗതവും നാസർ വളക്കൈ നന്ദിയും പറഞ്ഞു.

ശ്രീകണ്ഠപുരത്ത് ഉപവാസം കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

ജനരക്ഷായാത്ര കാറ്റുപോയ ബലൂൺ പോലെയായെന്ന് പി.ജയരാജൻ

കണ്ണൂർ: അമിത്ഷാ പിൻവാങ്ങിയതോടെ ബി.ജെ.പി ജാഥ കാറ്റുപോയ ബലൂൺ പോലെയായെന്ന് സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ. ജനങ്ങളിൽ യാതൊരു പ്രതികരണങ്ങളും സൃഷ്ടിച്ചില്ലെന്ന് ബോധ്യപ്പെട്ട തിനാലാണ് അമിത്ഷാ തിരിച്ച് പോയതെന്ന് വ്യക്തമാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് ജാഥ കൊഴുപ്പിക്കാനുള്ള പ്രചരണ പ്രവർത്തനങ്ങളാണ് നടന്നത്. ഇങ്ങനെ ആഴ്ചകൾ നീണ്ട പ്രവർത്തനങ്ങളാണ് നടന്നതെങ്കിലും ജനങ്ങളിൽ ഒരു സ്വാധീനവും ചെലുത്താനായില്ല. സംഘർഷമുണ്ടാക്കാൻ മംഗലാപുരത്ത് നിന്നും മറ്റു ജില്ലകളിൽ നിന്നും ക്രിമിനലുകളെ ഇറക്കുമതി ചെയ്തിരുന്നു. അന്യസംസ്ഥാന തൊഴിലാളികളെ പങ്കെടുപ്പിക്കുന്നതിന് ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിച്ചത്. മറ്റു പാർട്ടികളിൽ നിന്ന് ആളുകളെ ചാക്കിലാക്കാൻ കഴിയുമോ എന്ന ശ്രമവും നടത്തിയിരുന്നു. സി.പി.എം ശക്തി കേന്ദ്രങ്ങളിൽ വമ്പിച്ച ചലനമുണ്ടാക്കുമെന്ന പ്രചരണം പൊളിഞ്ഞു. ഇത്തരമൊരു സാഹചര്യത്തിലാണ് ജാഥ മതിയാക്കി അമിത്ഷാ തിരിച്ചുപോയത്. ഇങ്ങനെ സംഘപരിവാറിന്റെ എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ച് ജാഥ ബഹിഷ്ക്കരിച്ച ജനങ്ങളെ ഹാർദമായി അഭിവാദ്യം ചെയ്യുന്നു.

അമിത്ഷായോടൊപ്പം കൊണ്ടുവന്ന മാധ്യമപ്രവർത്തകർക്കും യഥാർത്ഥ വസ്തുതകൾ ബോധ്യപ്പെട്ടു. അക്രമങ്ങൾ തുടങ്ങിവെക്കുന്നത് ആർ.എസ്.എസാണെന്നും ജനങ്ങൾ അതിനെ പ്രതിരോധിക്കുകയാണെന്നുമാണ് അവർക്കും ബോധ്യമായത്.

കേരളത്തിലെ ജാഥ തുടക്കത്തിൽ തന്നെ പരാജയപ്പെട്ട സാഹചര്യത്തിൽ സി.പി.എമ്മിനെതിരെ അഖിലേന്ത്യാ അടിസ്ഥാനത്തിൽ പ്രചരണവും അക്രമണവും നടത്താനുള്ള തീരുമാനത്തിൽ നിന്ന് ആർ.എസ്.എസുകാർ പിൻവാങ്ങണമെന്നും ജയരാജൻ ആവശ്യപ്പെട്ടു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ നേതൃത്വത്തിൽ നടത്തിയ ഗാന്ധി അനുസ്മരണം അഡ്വ. രാജീവ് കപ്പച്ചേരി ഉദ്ഘാടനം ചെയ്യുന്നു

ഗാന്ധിജയന്തി ആഘോഷിച്ചു

തളിപ്പറമ്പ: ഗാന്ധിജയന്തി ആഘോഷത്തിന്റെ ഭാഗമായി ജവഹർ ബാലജനവേദിയുടെ ആഭിമുഖ്യത്തിൽ താലൂക്ക് ഓഫീസ് പരിസരത്ത് ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന നടത്തി. താലൂക്ക് ഓഫീസ് പരിസരശുചീകരണവും നടത്തി. സർക്കിൾ ഇൻസ്പെക്ടർ പി.കെ.സുധാകരൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം പി.വി.നാരായണൻകുട്ടി അധ്യക്ഷത വഹിച്ചു. ദീപ, ഗായത്രി, ഫിറോസ് സംസാരിച്ചു. ഗോവിന്ദൻ മാസ്റ്റർ, സുരേഷ് മാസ്റ്റർ, പി.വിനോദ് കുറുമാത്തൂർ, ഐ.വി.കുഞ്ഞിരാമൻ, കരുണാകരൻ, രഘു നാഥ്, എ.ഗോപാലകൃഷ്ണൻ മാസ്റ്റർ നേതൃത്വം നൽകി.

തളിപ്പറമ്പ് സിറ്റിസൺ ഫോറം നേതൃത്വത്തിൽ 'വർത്തമാന കാലത്ത് ഗാന്ധിയൻ ദർശനത്തിന്റെ പ്രസക്തി' എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. രാമകൃഷ്ണൻ കണ്ണോം പ്രഭാഷണം നടത്തി. പ്രസിഡണ്ട് എം.പി.കൃഷ്ണൻ അധ്യക്ഷനായിരുന്നു. പി.ഗംഗാധരൻ, ഡോ.കെ.വി.ജനാർദ്ദനൻ നമ്പ്യാർ, ടി.ടി.ബാലകൃഷ്ണൻ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ഇ.ടി.രാജീവൻ സ്വാഗതവും ട്രഷറർ എം.കുഞ്ഞിരാമൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ നേതൃത്വത്തിൽ പട്ടുവത്ത് നടന്ന അനുസ്മരണം അഡ്വ.രാജീവ് കപ്പച്ചേരി ഉദ്ഘാടനം ചെയ്തു. സി.പി.പ്രസന്ന അധ്യക്ഷത വഹിച്ചു. വി.ഇ.ഒ. ബിന്ദു പ്രഭാഷണം നടത്തി. ആലി സ്വാഗതവും കെ.വി.സുജാത നന്ദിയും പറഞ്ഞു.

അരിയിൽ രാജീവ്ജി മന്ദിരത്തിൽ നടന്ന പരിപാടിക്ക് കരയപ്പാത്ത് ഗോവിന്ദൻ, കാരക്കിൽ രാഘവൻ, എ.അയ്യൂബ്, എം.കെ.ഇസ്മയിൽ, കൃഷ്ണൻ അരിയിൽ, ഒ.രമേശൻ, എ.അഹമ്മദ് നേതൃത്വം നൽകി.

വെള്ളാവിൽ എ.എൽ.പി സ്കൂളിൽ പി.ടി.എ പ്രസിഡണ്ട് പി.ഷാജിയുടെ അധ്യക്ഷതയിൽ ഹെഡ്മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മധു വെള്ളാവ് വരച്ച ഗാന്ധിജിയുടെ ചിത്രം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സി.ജീജ അനാച്ഛാദനം ചെയ്തു.

ഹൗസ്പ്ലോട്ട് വിൽപ്പനക്ക്

ചൊറുക്കള താഴെ പള്ളിക്ക് സമീപം വീടിന് അനുയോജ്യമായ 10 സെന്റ് സ്ഥലം താരതമ്യേന വിലക്കുറവിൽ വിൽക്കുന്നു. (12 കോലിൽ വെള്ളം, 4 മീറ്റർ റോഡ്).

Mob: 9846329474

വധുവിനെ ആവശ്യമുണ്ട്

തലശേരി അതിരൂപത, RC യുവാവ്. 30 വയസ്. 158 CM. MBA. കാനഡ. PR. ഈ ഡിസംബറിൽ അവധിക്ക് നാട്ടിൽ വരും. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Ph: 9048044086

AIRWAYS HOLYDAYS

തളിപ്പറമ്പിൽ നിന്നും
ഏർവാടി
മുത്തുപേട്ട, നാഗൂർ
എല്ലാ വെള്ളിയാഴ്ചയും
പുറപ്പെടുന്നു

8075 311 312

ജ്യൂസ് മേക്കറെ ആവശ്യമുണ്ട്

കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിലേക്ക് ജ്യൂസ് മേക്കറെ ആവശ്യമുണ്ട്.

7511188191